**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 172** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ വകുപ്പ് സംയോജനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാർ അഞ്ച് വകുപ്പുകൾ ഏകീകരിച്ച് തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിച്ചതുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഏകീകരിച്ച് തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചതിന്റെ ഗുണദോഷങ്ങൾ പരിശോധനയിലാണ്.

**(ബി)** അശാസ്ത്രീയമായ വകുപ്പ് ഏകീകരണം മൂലം പ്രസ്തുത വകുപ്പുകളിലെ ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ വകുപ്പ് വിശേഷാൽ ചട്ടങ്ങളിന്മേലുള്ള ജീവനക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനായി 07.11.2022ലെ സ.ഉ (സാധാ) നം. 2717/2022/തസ്വഭവ പ്രകാരം രൂപീകൃതമായ പരാതി പരിഹാര സെല്ലിൽ പരാതികൾ പരിശോധിക്കുകയും ഭേദഗതി ആവശ്യമുള്ള ഇനങ്ങളിൽ പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുമുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

**(സി)** തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനം പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ചുവരികയാണ്.

**(ഡി)** മുൻ കാലങ്ങളിൽ നിരവധിയായ സംസ്ഥാന ആവിഷ്കൃത പദ്ധതികളും കേന്ദ്ര ആവിഷ്കൃത പദ്ധതികളും നിർവഹണം നടത്തിയിട്ടുള്ളതും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിന് പരിചയ സമ്പത്തുള്ള ഒട്ടനവധി ജീവനക്കാരും, ധാരാളം ഓഫീസ് സൗകര്യങ്ങളുമുള്ളതുമായ ഗ്രാമവികസന വകുപ്പിനെ പുനഃസ്ഥാപിച്ച് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ചുവരികയാണ്.

**(ഇ)** തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മെറിറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**